**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1015** 10.06.2019-ലെ മറുപടി

# വാട്ടർ അതോറിറ്റി പയ്യന്നൂർ സെക്ഷൻ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കൃഷ്ണൻ.** | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) വാട്ടർ അതോറിറ്റി പയ്യന്നൂർ സെക്ഷൻ ഓഫീസും പയ്യന്നൂർ സബ്ഡിവിഷൻ ഓഫീസും UDISMAT പയ്യന്നൂർ പ്രൊജക്ട് സെക്ഷൻ ഓഫീസും പ്രൊജക്ട് സബ്ഡിവിഷൻ ഓഫീസും പയ്യന്നൂരിൽ ഒരു വാടക കെട്ടിടത്തിൽ ആണോ പ്രവർത്തിക്കുന്നത്: വ്യക്തമാക്കുമോ ; | എ) അതെ; ഈ ഓഫീസുകളെല്ലാം തന്നെ ഒറ്റ വാടക കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിച്ചു വരുന്നത്. |
| ബി) വാട്ടർ അതോറിറ്റിക്ക് പയ്യന്നൂർ ടൗണിൽ സ്വന്തമായി പതിനഞ്ച് സെന്റ് സ്ഥലം നിലവിൽ ഉണ്ടോ; എങ്കിൽ ഈ സ്ഥലം ഉപയോഗപ്പെടുത്തി സ്വന്തമായി ഒരു ഓഫീസ് കെട്ടിടം പണിയാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ? | ബി) കേരള വാട്ടർ അതോറിറ്റിയുടെ കൈവശം പയ്യന്നൂർ ടൗണിൽ 9 സെന്റ് സ്ഥലമുണ്ട്. വാട്ടർ അതോറിറ്റിയ്ക്ക് പയ്യന്നൂരിൽ ഒരു പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിന് വേണ്ടി 2019-20-ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ.